നം.കെ.എസ്.എ.പി.റ്റി.എ.പി**9 / 84 /2016** തീയതി**: 08.02.2017**

വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ **2015-16** സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം **215(4) -** വകുപ്പ്**, 1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **13-**ാം വകുപ്പ്**, 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 25.07.2016 മുതൽ 18.12.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ.ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 16.01.2017 മുതൽ 25.01.2017 വരെ | ശ്രീ. സി.അനിൽ കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി.ജയപ്രഭ. പി,സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി ലേഖാ ജനാർദ്ദനൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | 1)ശ്രീമതി മായ.ജി<br>01.04.2015 മുതൽ 31.10.2015 വരെ<br>2)ഭരണനിർവ്വഹണ സമിതി<br>01.11.2015 മുതൽ 18.11.2015 വരെ<br>3)ശ്രീമതി ലിസ്സി മോൾ ജോസഫ്<br>19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | 1)ശ്രീ ജേക്കബ് വർഗ്ഗീസ്<br>അസിസ്റ്റന്റ് സെക്രട്ടറി(പൂർണ്ണ അധിക ചുമതല)<br>01.04.2015 മുതൽ 23.07.2015 വരെ<br>2)ശ്രീ വി.രംഗനാഥ്<br>24.07.2015 മുതൽ 10.02.2016 വരെ<br>3)ശ്രീ ജി.സുനിൽകുമാർ<br>11.02.2016മുതൽ 31.03.2016 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

<u>ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും</u>

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

<u>അനുബന്ധം</u>

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2015-16
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2015-16
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2015-16

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം **1:** പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-10 |
| 11 | ഗ്രാമസഭ | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 2-1 |
| 14 | വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല. | 2-2 |
| 15 | വസ്തു നികുതി പരിഷ്കരണ നടപടികൾ അപൂർണ്ണം- നികുതിദായകർക്ക് സേവനം ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നു | 2-3 |
| 16 | വിമുക്ത ഭടൻമാർ/അവരുടെ വിധവകൾ/അംഗവൈകല്യം സംഭവിച്ച ജവാൻമാർ/ ജവാൻമാരുടെ വിധവകൾ എന്നിവരുടെ വസ്തു നികുതി ഒഴിവാക്കൽ– മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 2-4 |
| 17 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല. | 2-5 |
| 18 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അപൂർണ്ണം - വരുമാന ചോർച്ചയ്ക്ക് സാധ്യത | 2-6 |
| 19 | തൊഴിൽ നികുതി - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു | 2-7 |
| 20 | ഡി&ഒ ലൈസൻസ് എടുക്കുന്നതിൽ ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല | 2-8 |
| 21 | മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർ ഫീസ് ഈടാക്കുന്നില്ല. | 2-9 |
| 22 | പരസ്യ നികുതി പിരിക്കുന്നില്ല. പഞ്ചായത്തിന് വരവ് നഷ്ടം | 2-10 |
| | ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 23 | റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് അനുവദിച്ചത് അംഗീകരിക്കുന്നില്ല | 3-1 |
| 24 | ഒബ്സെർവ്ഡ് ഡാറ്റ തയ്യാറാക്കിയതിൽ അപാകത – പോട്ട്ഹോൾ ഫില്ലിംഗിന് അധിക നിരക്ക് നൽകിയത് | 3-2 |

| | | |
|---|---|---|
| | അംഗീകരിക്കുന്നില്ല | |
| 25 | ഇ.എം.എസ്. ഭവനപദ്ധതി - നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 3-3 |
| 26 | പദ്ധതിവിഹിതം പൂർണ്ണമായും വിനിയോഗിക്കാതിരുന്നതിനാൽ 39.25 ലക്ഷം രൂപ പഞ്ചായത്തിന് നഷ്ടമായി | 3-4 |
| 27 | ഭൂമിയുടെ ഉടമസ്ഥതാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല | 3-5 |
| 28 | പഞ്ചായത്തിന്റെ ആസ്തിയിൽ അനധികൃത കൈയ്യേറ്റം | 3-6 |
| 29 | വിനിയോഗിക്കാത്ത പദ്ധതിവിഹിതം വകമാറ്റി ചെലവഴിക്കുന്നു. | 3-7 |
| 30 | സമഗ്ര വിദ്യാഭ്യാസ പരിപാടി - പ്രൊജക്ട് മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ല | 3-8 |
| 31 | ആശ്രയപദ്ധതി- ചലഞ്ച് ഫണ്ട് കൈമാറിയില്ല. | 3-9 |
| 32 | പ്രതിമാസ വെള്ളക്കരം 56000/- രൂപ- ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കുന്നില്ല. | 3-10 |
| 33 | എ.ബി.സി. പ്രോഗ്രാം വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 3-11 |
| 34 | മീഡിയാശ്രീപദ്ധതി നടപ്പായില്ല | 3-12 |
| 35 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതിന്റെ ഔദ്യോഗിക രസീത് ഇല്ല | 3-13 |
| 36 | ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-14 |
| 37 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം | 3-15 |
| 38 | ആരോഗ്യ കേന്ദ്രത്തിന് മരുന്നു വാങ്ങൽ– നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്ഹാജരാക്കിയിട്ടില്ല | 3-16 |
| 39 | ലൈബ്രറി സെസ്സ് അടവാക്കിയില്ല | 3-17 |
| 40 | ആശ്രയപദ്ധതി-അവലോകനം | 3-18 |
| | ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 41 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 42 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്- ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4-3 |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 20.02.2015 തീയതിയിലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**2015-16**

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+) / (-) |
| മുന്നിരിപ്പ് | 3863492 | 13675244 | 9811752 | | (+)253 |
| വരവ് | 97424850 | 35167239 | | 62257611 | (-)63 |

| | | | | | |
|---|---|---|---|---|---|
| ആകെ | 101288342 | 48842483 | | 52445859 | (-)52 |
| ചെലവ് | 95203892 | 37629169 | | 57574723 | (-)60 |
| നീക്കിയിരിപ്പ് | 6084450 | 11213314 | 5128864 | | (+)84 |

വരവ് ചെലവ് തുകകളിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. മുന്നിരിപ്പ്,നീക്കിയിരിപ്പ് തുകകളിലും ബജറ്റ് തുകകളേക്കാളും വളരെ വലിയ തുകകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. വിവിധ നികുതി,നികുതിയേതര വരുമാനങ്ങളുടെ ബജറ്റ് നിർദ്ദേശവും യഥാർത്ഥ ഡിമാന്റും തമ്മിലുള്ള വ്യതിയാനം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം(-)/(+) |
|---|---|---|---|
| വസ്തുനികുതി | 7000000 | 2825139 | (-)4174861 |
| തൊഴിൽ നികുതി | 1670000 | 1117678 | (-)552322 |
| പരസ്യനികുതി | 50000 | ഡിമാന്റ് ചെയ്തിട്ടില്ല. | (-)50000 |
| വാടക | 110000 | 68232 | (-)41768 |

വരവുകളുടെ മതിപ്പ് സവിസ്താരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണെന്ന് പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (3) ൽ നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ മുൻ വർഷത്തെ യഥാർത്ഥ ഡിമാന്റിൽനിന്നും വ്യതിചലിച്ചാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് മേൽപട്ടികയിൽ നിന്നും വ്യക്തമാണ്.ഇതിനുള്ള വിശദീകരണങ്ങളൊന്നും തന്നെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല.യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | വാർഷിക കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ വിശദാംശം |
|---|---|---|
| 2015-16 | 01.07.2016 | ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ്& പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13675244 |
| വരവ് | 35167239- |
| ആകെ | 48842483 |
| ചെലവ് | 37629169 |
| നീക്കിയിരിപ്പ് | **11213314** |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | ആകെ തുക | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | നീക്കി ബാക്കി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 1355276 | 4220480 | 2190623 | 7766379 | 7766379 | - | 0 |
| വികസനഫണ്ട്(എസ്.സി.പി) | 565049 | 4771949 | - | 5336998 | 5095307 | 241691 | 0 |
| വികസനഫണ്ട്(റ്റി.എസ്.പി) | 0 | 0 | 0 | 0 | 0 | - | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 942599 | 3568981 | - | 4511580 | 4511580 | - | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 478234 | 1321254 | - | 1799488 | 1799488 | - | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് | 709609 | 3920539 | 0 | 4630148 | 3766717 | 863431 | 0 |
| ലോകബാങ്ക് ധനസഹായം | 2108070 | 893317 | 0 | 3001387 | 1915886 | 1085501 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 2015-16 | 185 | 159 | 26 | 86 |

## 1-6 പദ്ധതി നിർവ്വഹണ വിവരങ്ങൾ

മേഖല തിരിച്ചുള്ള പദ്ധതിച്ചെലവ്

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | *നടപ്പാക്കിയ പ്രോജക്ടുകൾ* |
|---|---|---|

| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| ഉല്പാദനം | 20 | 14529975 | 17 | 4918584 | 34 |
| സേവനം | 57 | 15397611 | 48 | 9296775 | 60 |
| പശ്ചാത്തലം | 108 | 15666127 | 94 | 13468413 | 86 |
| ആകെ | 185 | 45593713 | 159 | 13468413 | 30 |

## 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം 2014-15 | തൻവർഷം 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4695742 | 4687244 | 8498 | (-).18 |
| നികുതിയേതര വരവുകൾ | 322830 | 670564 | 347734 | (+)107.00 |
| മറ്റ് വരവുകൾ | 215922 | 332274 | 116352 | (+)54.00 |
| ആകെ | 5234494 | 5690082 | 455588 | (+)8.70 |

2015-16 വർഷം നികുതി വരുമാനത്തിൽ കാര്യമായ വർദ്ധനവുണ്ടായില്ല. വസ്തു നികുതിയിനത്തിൽ വൻ തുക കുടിശ്ശികയുണ്ടായതാണ് ഇതിന് കാരണം. തൻവർഷം ഡിമാന്റ് ചെയ്ത തുകയുടെ 37% മാത്രമേ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളു. പഞ്ചായത്ത് ഭരണസമിതിയും ഉദ്യോഗസ്ഥരും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതും അതുവഴി പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്..

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 99 | 159480 |
| കർഷക തൊഴിലാളി പെൻഷൻ | 333 | 2741730 |
| വിധവാപെൻഷൻ | 834 | 8722880 |
| 50വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 36 | 338400 |
| വാർദ്ധക്യകാലപെൻഷൻ | 997 | 7998420 |
| വികലാംഗപെൻഷൻ | 186 | 2085045 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2017 -ൽ 3PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 19592/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണസംവിധാനം

വരവുകൾ

<u>വരവിനങ്ങളുടെ രജിസ്റ്ററുകൾ</u> - വരവിനങ്ങളിൽ വസ്തുനികുതി ഒഴികെയുള്ളവയുടെ ഡി.സി.ബി തയ്യാറാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിന്ന് പെർമിറ്റ് എടുക്കുന്ന എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി നികുതി പരിധിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കുന്നില്ല. വിശദാംശങ്ങൾ ചേർത്ത് പെർമിറ്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്. ഡി&ഒ ട്രേഡ് ലൈസൻസ് ഫീസ് കൃത്യമായ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല ഈടാക്കി വരുന്നത്. അതിനാൽ ഫീസ് ഇനത്തിലും തൊഴിൽ നികുതി ഇനത്തിലും പഞ്ചായത്തിന് വലിയ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്തിലെ എല്ലാ ബിസിനസ് സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പാക്കുന്നില്ല.

ചെലവുകൾ

ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.

മരാമത്ത് പ്രവൃത്തിയിലെ അപാകത

(1) <u>അംഗീകൃത ക്രഷർ യൂണിറ്റിൽ നിന്നും നിർമ്മാണസാമിഗ്രികൾ വാങ്ങുന്നതിന്റെ ബിൽ ഹാജരാക്കുന്നില്ല</u>

2015-16 വർഷം ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾക്ക് ആ വശ്യമായ മെറ്റൽ,എം.സാന്റ് എന്നിവ വാങ്ങിയതിന് അംഗീകൃത ക്രഷർ യൂണിറ്റിൽ നിന്നും ലഭിക്കുന്ന ബിൽ ചെലവിന് ആധാരമായി ഗുണഭോക്തൃസമിതി ഹാജരാക്കുന്നില്ല. പകരം പ്രസ്തുത സാമിഗ്രികൾ കയറ്റിക്കൊണ്ട് വന്ന ലോറി ഡ്രൈവറുടെ വൗച്ചർ മാത്രമാണ് പരിശോധനക്ക് ഹാജരാക്കുന്നത്. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് മെറ്റൽ, എം.സാന്റ് എന്നിവ സ്റ്റാക്ക് ചെയ്ത് എം.ബുക്കിൽരേഖപ്പെടുത്താത്ത സാഹചര്യത്തിൽ കൃത്യമായ അളവിൽ സാമിഗ്രികൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുവാൻ ഇതു മൂലം സാധിക്കുന്നില്ല.

(2 <u>കരാറുകാർ വാറ്റ് ബാധ്യത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല</u>

വാണിജ്യ നികുതി കമ്മീഷണറുടെ **31-03-2011**ലെ **5/2011** നം**.** സർക്കുലർ പ്രകാരം കരാറുകാർക്ക് പാർട്ട് ബിൽ **/** ഫൈനൽ ബിൽ തുക നൽകുമ്പോൾ വാണിജ്യ നികുതി വകുപ്പിൽ നിന്നും നൽകുന്ന ഫോറം **1EE** പ്രകാരമുള്ള ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതും ആയത് പ്രകാരം ടി.ഡി.എസ് ഈടാക്കേണ്ടതുമാണ്**.** അല്ലാത്ത പക്ഷം **2003** ലെ കേരള മൂല്യ വർദ്ധിത നിയമം സെക്ഷൻ **10(2),2(**എ**),(11)**എ,ബി എന്നിവ പ്രകാരം സ്രോതസ്സിൽ നിന്നും നികുതി ഈടാക്കി സർക്കാരിലേക്ക് ഓൺലൈനായി അടവാക്കേണ്ടതാണ്**.** എന്നാൽ കരാറുകാർ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ മേൽത്തരത്തിലുള്ള സർട്ടിഫിക്കറ്റ് ആവശ്യപ്പെടുകയോ ഹാജരാക്കുകയോ ചെയ്യുന്നില്ല**.** ആയതിന് നടപടി സ്വീകരിക്കേണ്ടതാണ്**.**

## 1-11 <u>ഗ്രാമസഭ</u>

പഞ്ചായത്തിലെ പദ്ധതി രൂപീകരണം , ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുളള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. 2015-16 വർഷം 15 വാർഡുകളിലും ജൂലൈ മാസത്തിൽ ഒരു തവണ മാത്രമാണ് ഗ്രാമസഭ യോഗം ചേർന്നത്.തൻ വർഷത്തെ പദ്ധതികളിലേക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനു വേണ്ടി മാത്രമാണ് യോഗം ചേർന്നത്.

ഗ്രാമസഭയിൽ ജനപങ്കാളിത്തം വളരെ കുറവാണ്.07.07.2015തീയതിയിൽ 10-ാം വാർഡിലെ ഗ്രാമസഭാ യോഗത്തിൽ 105 പേർ മാത്രമേ പങ്കെടുത്തുള്ളൂ. എന്നാൽ ഇതേ ഗ്രാമസഭയിൽ തെങ്ങു കൃഷി വികസന പദ്ധതിയിലേക്ക് അപേക്ഷ നൽകിയവരിൽ നിന്നും 134 ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികളിലേക്ക് തെരഞ്ഞെടുക്കുന്നതിന് അപേക്ഷ നൽകിയവർ പോലും ഗ്രാമസഭായോഗങ്ങളിൽ പങ്കെടുക്കുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. വിവിധ ഓഡിറ്റ് ഏജൻസികളുടെ റിപ്പോർട്ടുകളുടെ ചർച്ചകൾ ഗ്രാമസഭകളിൽ നടക്കുന്നില്ല. ഗ്രാമസഭ കേവലം ഗുണഭോക്തൃ തെരഞ്ഞടുപ്പിന്റെ വേദിയായി മാത്രം മാറിയിട്ടുള്ളത് വളരെ ഗൗരവമുള്ള സംഗതിയാണ്. ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനും അതുവഴി ജനങ്ങളുടെ പങ്ക് പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ ഉണ്ടാകുന്നതിനും പഞ്ചായത്ത് ജനപ്രതിനിധികളും അധികൃതരും ശ്രദ്ധിക്കേണ്ടതാണ്.

## 1-12 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.12.2016 | 10/2016,11/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.06.2012 | 2007-08 മുതൽ 2011-12 വരെ | 17.07.2012 |

# ഭാഗം-2

# <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 <u>വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം</u>

ഓഡിറ്റ് വർഷത്തെ ധനകാര്യപത്രിക നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ(01.07.2016) ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകളുടെ വിവരം താഴെ ചേർക്കുന്നു.

1. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. അവ ശേഖരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം ഇപ്പോഴും പ്രാവർത്തികമാക്കിയിട്ടില്ല. ഈ കാരണത്താൽ തൻവർഷവും മുൻവർഷങ്ങളിലും തേയ്മാനം കുറവ് ചെയ്തിട്ടില്ല.ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിവരം ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല.
2. വസ്തു നികുതി പരിഷ്കരണം പൂർണ തോതിൽ തൻവർഷം സാധ്യമാകാതെ വന്നതിനാൽ കൃത്യമായ ഡിമാന്റ് നിർണയിച്ച് ചേർക്കാൻ കഴിഞ്ഞില്ല. ഇക്കാരണങ്ങളാൽ കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കുടിശ്ശിക-തന്നാണ്ട് തുകകളുടെ കൃത്യതയും വ്യക്തമല്ല.
3. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി143777/-രൂപ ശേഷിക്കുന്നതായി ഷെഡ്യൂൾ B4 ൽ കാണിച്ചിരിക്കുന്നു. എന്നാൽ ഇതിൽ 100000/- രൂപ 2015-16 വർഷം ചെലവായിട്ടുള്ളതാണ്.അവശേഷിക്കുന്ന തുക 43777/- രൂപ മാത്രമാണ്.

## 2-2 <u>വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല</u>

പഞ്ചായത്തിലെ 2015-16 വർഷത്ത വസ്തു നികുതി പിരിവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഡിമാന്റ്(കുടിശ്ശിക ഉൾപ്പെടെ) | കളക്ഷൻ | ബാലൻസ് | പിരിവിന്റെ ശതമാനം |
|---|---|---|---|---|
| 2015-16 | 8359161 | 3717383 | 4438506 | 44.47% |

വസ്തു നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. 2014-15വർഷം 58.84% പിരിവാണുണ്ടായിരുന്നത്. 2015-16 വർഷം 44.47% ആയി കുറയുകയാണുണ്ടായത്. 2014-15വർഷം ഈ ഇനത്തിലുള്ള കുടിശ്ശിക 2424392 രൂപയായിരുന്നത് 2015-16 വർഷം 4438506 രൂപയായി ഉയർന്നിട്ടുണ്ട്.

സഞ്ചയാ സോഫ്റ്റ് വെയർ ഡാറ്റാ എൻട്രി പൂർത്തീകരിച്ച് പരിഷ്കരിച്ച നിരക്കിൽ വസ്തു നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി പരിഷ്കരണ നടപടികൾ അപൂർണ്ണം- നികുതിദായകർക്ക് സേവനം ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നു

വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കുന്ന മുറയ്ക്ക് നികുതിദായകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ നികുതി ഒടുക്കുവാൻ കഴിയണം എന്ന ലക്ഷ്യത്തോടെയാണ് വസ്തുനികുതി കംപ്യൂട്ടറൈസേഷൻ സംവിധാനം ആവിഷ്കരിച്ചത്. എന്നാൽ വസ്തു നികുതി പരിഷ്കരണ നടപടികൾ സംബന്ധിച്ച് ഗുരുതരമായ കൃത്യവിലോപമാണ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. 01-04-2013 ൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പുതുക്കി നിർണ്ണയിച്ചതിന്റെ വിവരങ്ങളുടെ ഡേറ്റാ എൻട്രി സഞ്ചയ സോഫ്റ്റ് വെയറിൽ പൂർണ്ണമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വാർഡ് നം | ആകെ കെട്ടിടങ്ങളുടെ എണ്ണം | വസ്തു നികുതി പുതുക്കി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം | വസ്തു നികുതി പുതുക്കി നിർണ്ണയിക്കാൻ അവശേഷിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|---|
| I | 423 | 422 | 1 |
| II | 530 | 528 | 2 |
| III | 440 | 438 | 2 |
| IV | 353 | 352 | 1 |
| V | 474 | 473 | 1 |
| VI | 517 | 517 | 0 |
| VII | 471 | 470 | 1 |
| VIII | 443 | 442 | 1 |
| IX | 513 | 512 | 1 |
| X | 497 | 494 | 3 |
| XI | 516 | 514 | 2 |
| XII | 384 | 384 | 0 |
| XIII | 431 | 420 | 2 |
| XIV | 450 | 449 | 1 |
| XV | 498 | 495 | 2 |

വസ്തു നികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. നികുതി പുനർനിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ കാര്യത്തിൽ പുതുക്കിയ നികുതിയുടെ കൃത്യത പരിശോധിച്ച് ഉറപ്പ വരുത്തിയിട്ടില്ല. കെട്ടിടങ്ങൾ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളിൽ പിശകുണ്ട്. അതിനാൽ നികുതിദായകർക്ക് നികുതി ഒടുക്കുവാൻ കാലതാമസം വരുന്നു. പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച മൂലം നികുതിദായകർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നത് ഒഴിവാക്കേണ്ടതാണ്. കൂടാതെ നികുതി പുനർനിർണ്ണയത്തിലെ അപാകതമൂലം വസ്തുനികുതിയുടെ ഡി.സി.ബി. കൃത്യമല്ല. വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി സംബന്ധിച്ച് ഭരണ തലത്തിൽ നടപടി സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-4 വിമുക്ത ഭടൻമാർ/അവരുടെ വിധവകൾ/അംഗവൈകല്യം സംഭവിച്ച ജവാൻമാർ/ ജവാൻമാരുടെ വിധവകൾ എന്നിവരുടെ വസ്തു നികുതി ഒഴിവാക്കൽ- മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

വിമുക്ത ഭടൻമാർ/അവരുടെ വിധവകൾ/അംഗവൈകല്യം സംഭവിച്ച ജവാൻമാർ/ ജവാൻമാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസാവശ്യത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ളതോ അവരുടെ ഭാര്യമാരുടെ പേരിലുള്ളതോ ആയ ഭവനത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി നൽകുന്നത് സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ തൻ വർഷം വസ്തുനികുതിയിനത്തിൽ എത്ര രൂപയാണ് ഇളവ് അനുവദിച്ചത് എന്നു വ്യക്തമല്ല. . അപേക്ഷകളിൻമേൽ അന്വേഷണ റിപ്പോർട്ട് വാങ്ങിയിട്ടുണ്ടെങ്കിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വച്ച് അംഗീകാരം വാങ്ങി ഒഴിവാക്കിയിട്ടില്ല.

## 2-5 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി വർഷങ്ങളായി ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറിന്റെ വിവരം | വാർഡ് നം/കെട്ടിട നം | പ്ളിന്ത് ഏരിയ ($m^2$) | ഈടാക്കേണ്ട വസ്തു നികുതി | ഈടാക്കിയ വസ്തുനികുതി |
|---|---|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്/8ാം നില,വാങ്കാരത്ത് ടവേഴ്സ്, എൻ.എ. എച്ച്, ബൈപാസ്, പാലാരിവട്ടം, കൊച്ചി. | 5/482 | 40.9$m^2$ | വസ്തു നികുതി -20480<br>സർവീസ് ചാർജ്ജ്-2048<br>ലൈബ്രറി സെസ്-1024 | ഈടാക്കിയിട്ടില്ല |
| 2 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്/8ാം | 5/521 | 19.98$m^2$ | വസ്തു നികുതി -900 | ഈടാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | നില,വാങ്കാരത്ത് ടവേഴ്സ്, എൻ.എ. എച്ച്, ബൈപാസ്, പാലാരിവട്ടം, കൊച്ചി. | | | സർവീസ് ചാർജ്ജ്-90<br>ലൈബ്രറി സെസ്-45 | |
| 3 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്/8ാം നില,വാങ്കാരത്ത് ടവേഴ്സ്, എൻ.എ. എച്ച്, ബൈപാസ്, പാലാരിവട്ടം, കൊച്ചി. | 2/558 | $50.76m^2$ | വസ്തു നികുതി -2742<br>സർവീസ് ചാർജ്ജ്-274<br>ലൈബ്രറി സെസ്-137 | ഈടാക്കിയിട്ടില്ല |
| 4 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്/8ാം നില,വാങ്കാരത്ത് ടവേഴ്സ്, എൻ.എ. എച്ച്, ബൈപാസ്, പാലാരിവട്ടം, കൊച്ചി. | 2/545 | $51.55\ m^2$ | വസ്തു നികുതി -30930<br>സർവീസ് ചാർജ്ജ്-3093<br>ലൈബ്രറി സെസ്-1547 | 30930 |
| 5 | മാനേജർ, ബി.എസ്.എൻ.എൽ, കൈപ്പട്ടൂർ. | 2/499B | $4m^2$ | വസ്തു നികുതി -2400<br>സർവീസ് ചാർജ്ജ്-240<br>ലൈബ്രറി സെസ്-120 | ഈടാക്കിയിട്ടില്ല |

ഇതു പ്രകാരം വിവിധ മൊബൈൽ ടവറുകളിൽ നിന്നും ഒരു വർഷം ആകെ 57452/- രൂപ വസ്തുനികുതിയായും 5745/- രൂപ സർവീസ് ചാർജ്ജായും 2873/-രൂപ ലൈബ്രറി സെസ്സായും ലഭിക്കേണ്ടതായിരുന്നു. വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നാൽ നികുതി കാലഹരണപ്പെട്ട് വരുമാന നഷ്ടം ഉണ്ടാകാനിടയുണ്ട്. അടിയന്തിരമായി മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമ നമ്പർ 5 ന്റെ പ്ലിന്ത് ഏരിയ മറ്റുള്ളവയെ അപേക്ഷിച്ച് കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് പരിശോധിച്ച് കൃത്യമായ പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. ക്രമ നമ്പർ 3,2 എന്നിവയുടെ വസ്തുനികുതി പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ പുതുക്കി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അപൂർണ്ണം - വരുമാന ചോർച്ചയ്ക്ക് സാധ്യത

പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പൂർണവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. അപേക്ഷ കൂടുതൽ നടപടികൾക്കായി സെക്ഷൻ ക്ലാർക്ക് കൈമാറിയ തീയതി, അപേക്ഷ സെക്ഷൻ ക്ലാർക്കിനു തിരികെ ലഭിച്ച തീയതി, മറുപടി ലഭിച്ച തീയതി, പണി പൂർത്തീകരിച്ച തീയതി, സമർപ്പിച്ച പ്ലാനിൽ നിന്നും വ്യത്യാസങ്ങളുണ്ടോ, അസസ്മെന്റ് നംപർ, പെർമിറ്റ് നിരസിച്ചോ ഇല്ലയോ, എന്നീ വിവരങ്ങൾ ഒന്നും തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തൻമൂലം കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി നൽകിയ പെർമിറ്റുകളുടെ കാര്യത്തിൽ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൽ കഴിയില്ല. ആയത് തനത് വരുമാനത്തിൽ ചോർച്ച ഉണ്ടാകാൻ ഇടയാക്കുന്നു. അതുപോലെ തന്നെ കെട്ടിടനിർമാണം അനുവദനീയമായ കാലയളവിൽ പൂർത്തീകരിച്ച്, നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോ എന്നും ഉറപ്പ് വരുത്താൽ കഴിയില്ല. രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. പെർമിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ ഇനത്തിലുണ്ടാകുന്ന വരുമാന നഷ്ടത്തിന് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കും സൂപ്പർവൈസറി തസ്തികയിലെ ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കും.

## 2-7 തൊഴിൽ നികുതി - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു

തനത് വരുമാനം താരതമ്യേന വളരെ കുറവുള്ള പഞ്ചായത്തിലെ മുഖ്യ വരുമാനങ്ങളിലൊന്നാണ് തൊഴിൽ നികുതി. ആയത് ഈടാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205(ബി) മുതൽ 205 (എഫ്) വരെ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ആയതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**i.**റേഷൻകട ഉടമകളിൽ നിന്നും തൊഴിൽകരം ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ടങ്ങളനുസരിച്ച് റേഷൻകട ഉടമസ്ഥരിൽനിന്നും അർദ്ധ വാർഷിക വിറ്റുവരവിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ 12 റേഷൻകടകളാണുള്ളത്. ഇതിൽ 12 റേഷൻ കട ഉടമസ്ഥരിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. റേഷൻ വ്യാപാരികളിൽ നിന്നും അർദ്ധവാർഷിക അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ii.**വ്യാപാരസ്ഥാപനങ്ങളിൽ നിന്നും വരുമാനം സംബന്ധിച്ച ചട്ടപ്രകാരമുള്ള റിട്ടേൺ വാങ്ങുന്നില്ല. തൊഴിൽ നികുതിയിനത്തിൽ വരുമാന നഷ്ടം

വ്യാപാരസ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുക്കുന്ന സമയത്താണ് അവരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കി വരുന്നത്. ഇവരിൽ നിന്നും വരുമാനം സംബന്ധിച്ച ചട്ടപ്രകാരമുള്ള റിട്ടേൺ വാങ്ങുന്നില്ല. തൻമൂലം വരുമാനത്തിൽ കുറവുണ്ടാകാനിടയുണ്ട്. വരുമാനം സംബന്ധിച്ച ചട്ടപ്രകാരമുള്ള റിട്ടേൺ വാങ്ങിസൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈടാക്കിയ നികുതിയിൽ കുറവ് ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**iii.** സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മിൽമ, റ്റി ആർ സി എം പി യു ലിമിറ്റഡ്, മാമ്മൂട്, മാവേലി സ്റ്റോർ, വള്ളിക്കോട് എന്നീ സ്ഥാപനങ്ങളിൽ നിന്നും ഓഡിറ്റ് വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമത്തിലും, അനുബന്ധ ചട്ടങ്ങളിലും നിർദ്ദേശിച്ചിട്ടുളള നടപടിക്രമങ്ങൾ പരമാവധി പാലിച്ചുകൊണ്ട് തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ അധികാരികൾ പ്രത്യേകിച്ച് ധനകാര്യ സ്ഥിരം സമിതി സ്വീകരിക്കേണ്ടതാണ്.

## 2-8 ഡി&ഒ ലൈസൻസ് എടുക്കുന്നതിൽ ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല

**(i)** ഡി & ഒ ലൈസൻസ് ഫീസ് പിരിവിലും സ്ഥാപനങ്ങളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സ്ഥാപനങ്ങളുടെ എണ്ണം 170 ൽ നിന്നും 182 ആയും വരവ് തുക 34000 ൽ നിന്നും 42325 ആയും ഉയർന്നിട്ടുണ്ട്. തൻ വർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. എല്ലാ സ്ഥാപനങ്ങളും 31.03.15 ന് ശേഷമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഇതിൽ നിന്നും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന എല്ലാ സ്ഥാപനങ്ങളും 01.04.2015 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കേണ്ടതും, അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുള്ള വിവരം ഉറപ്പുവരുത്തേണ്ടതുമാണ്.

**ii** ഡി **&** ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വൻകിട സ്ഥാപനമായ മിൽമ (റ്റി ആർ സി എം പി യു ലിമിറ്റഡ്, മാമ്മൂട്) നിന്നും ഓഡിറ്റ് വർഷം ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ സ്ഥാപനത്തിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

**iii** റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 12 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർ ഫീസ് ഈടാക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ താഴെ പറയുന്ന മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം | ടവറിന്റെ വിവരം | വാർഡ് നം/കെട്ടിട നം |
|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്/8ാം നില,വാങ്കാരത്ത് ടവേഴ്സ്, എൻ.എ. എച്ച്, ബൈപാസ്, പാലാരിവട്ടം, കൊച്ചി. | 5/482 |
| 2 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്/8ാം നില,വാങ്കാരത്ത് ടവേഴ്സ്, എൻ.എ. എച്ച്, ബൈപാസ്, പാലാരിവട്ടം, കൊച്ചി. | 5/521 |
| 3 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്/8ാം നില,വാങ്കാരത്ത് ടവേഴ്സ്, എൻ.എ. എച്ച്, ബൈപാസ്, പാലാരിവട്ടം, കൊച്ചി. | 2/558 |
| 4 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്/8ാം നില,വാങ്കാരത്ത് ടവേഴ്സ്, എൻ.എ. എച്ച്, ബൈപാസ്, പാലാരിവട്ടം, കൊച്ചി. | 2/545 |
| 5 | മാനേജർ, ബി.എസ്.എൻ.എൽ, കൈപ്പട്ടൂർ. | 2/499B |

ടി മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർ ഫീസ്

ഈടാക്കുന്നതിന് മുൻ റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അധികൃതർ നാളിതുവരെ സ്വീകരിച്ചിട്ടില്ല. ജനറേറ്ററുകളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ മോട്ടോർ ഫീസ് കണക്കാക്കി മൊബൈൽ ടവറുകൾ ഉടമകളിൽനിന്നും ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച്, ആയത് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-10 പരസ്യ നികുതി പിരിക്കുന്നില്ല. പഞ്ചായത്തിന് വരവ് നഷ്ടം

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, ഉപവകുപ്പുകൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും ഇതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി, പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്കു മുതൽ കൂട്ടുന്നതിനു ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് യാതൊരു വിധ നടപടികളും സ്വീകരിച്ചിട്ടില്ല. ബഹു പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിനായി 01-12-2016 തീയതിയിലെ സി4 821/15നമ്പർ കത്തു മുഖേന ബൈലോ അയച്ചു നൽകിയെങ്കിലും നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല എന്നാണ് പരസ്യ നികുതി ബൈലോ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടിയായി ലഭിച്ചത്.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21.02.2013 ലെ WP(C) നമ്പർ 27011/2012 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 25.10.2013 ൽ പുറപ്പെടുവിച്ച എൽ.എസ് .ജി (ആർ.സി) വകുപ്പിന്റെ 71806/RC2/2012/LSGD നമ്പർ സർക്കുലർ പ്രകാരം ഗതാഗത തടസ്സമുണ്ടാക്കുന്ന രീതിയിൽ റോഡുകൾ, റോഡരികുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ നീക്കം ചെയ്യണമെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. സുഗമമായ ഗതാഗതത്തിനു വിഘ്നം സൃഷ്ടിക്കുന്ന തരത്തിൽ വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും കാഴ്ച തടസ്സപ്പെടുത്തിക്കൊണ്ടും, അപകടകാരണമായേക്കാവുന്ന രീതിയിലും ട്രാഫിക് ഐലന്റ്, മീഡിയൻ ഫുട് പാത്ത് തുടങ്ങി ഏതിടങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ സ്വമേധയാ ഗ്രാമ പഞ്ചായത്തിനു നീക്കം ചെയ്യാവുന്നതാണെന്നു സർക്കുലർ നിർദ്ദേശിക്കുന്നു. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലോ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതും ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കിക്കൊണ്ട് അനധികൃത പരസ്യങ്ങൾ ഒഴിവാക്കാവുന്നതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് അനുവദിച്ചത് അംഗീകരിക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2015-16 ൽ ആവിഷ്കരിച്ച് നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ 1:4:8 സബ് ബേസ് കോൺക്രീറ്റിംഗിന് മുകളിലായി ചെയ്യുന്ന 1:2:4 ബേസ് കോൺക്രീറ്റിംഗിന് മുറികളുടെ തറ കോൺക്രീറ്റിംഗ് ചെയ്യുന്നതിനുള്ള നിരക്ക് ഉൾപ്പെടുത്തിയതു വഴി അധിക നിരക്ക് അനുദിച്ച് നൽകിയതായി കാണുന്നു.

പൊതുമരാമത്ത് വകുപ്പിന്റെ 17-04-2013 ലെ ജി.ഒ.(പി)36/2013/പി.ഡബ്ല്യ.ഡി- ാം നമ്പർ ഉത്തരവ് അനുസരിച്ച് CPWD ഡാറ്റ ബാധകമാക്കിയതിന്റെ അടിസ്ഥാനത്തിൽ 2014 DSR പ്രകാരമാണ് ഗ്രാമപഞ്ചായത്തിൽ 2015-16വർഷം മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രതിഫലം നൽകിയിരിക്കുന്നത്. CPWD Analysis of Rates, 2014 വാല്യം I പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് (DSR Code : 4.1.3) കരാറുകാരന്റെ ലാഭ വിഹിതമില്ലാതെയുള്ള കൺവീനർ പ്രവൃത്തികൾക്ക് അടിസ്ഥാന നിരക്ക് 4753.29/m3 ആണ്. ചീഫ് എഞ്ചിനിയറുടെ 15-12-2014 ലെ CD/Admn/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലക്ക് 1-4-2014 മുതൽ ബാധകമായ കോസ്റ്റ് ഇൻഡക്സ് 40.95% ആണ്. ആയത് അനുസരിച്ച് 1:2:4 റോഡ് കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.76/m3 ( 4753.29/m3x1.4095) ആണ്. 29-02-2016ലെ 30/16/ധന നം. സർക്കാർ ഉത്തരവിൽ അതാത് സ്ഥലത്തെ കോസ്റ്റ് ഇൻഡക്സുകളിലെ കാലാകാലങ്ങളിലുള്ള മാറ്റങ്ങൾ എൻ.ഐ.സി പരിഷ്കരിച്ചിട്ടുണ്ടെന്നും ആയതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 26-07-2016ലെ ഡി.ബി3/6512/2016/സി.ഇ/തസ്വഭവ സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലക്ക് 01-08-2015 മുതൽ ബാധകമായ കോസ്റ്റ് ഇൻഡക്സ് 1.4571 ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതനുസരിച്ച് കൺവീനർ പ്രവൃത്തികളിൽ ടി ഇനത്തിന് നൽകാവുന്ന നിരക്ക് 6926.04/m3 ആണ്. എന്നാൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 1:2:4 കോൺക്രീറ്റിംഗിന്റെ നിരക്കിനു പകരം തറ കോൺക്രീറ്റ് ചെയ്ത് നിരപ്പാക്കുന്നതിന്റെ നിരക്കായ 7058.78/m3 (Flooring - DSR Code:11.7) ആണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച് നൽകിയിരിക്കുന്നത്. കോസ്റ്റ് ഇൻഡക്സിലെ മേൽ മാറ്റം അനുസരിച്ച് 01-08-2015 ന് ശേഷം പ്രസ്തുത ഇനത്തിന് 7297.16/m3 എന്ന നിരക്കാണ് നൽകിയിട്ടുള്ളത്. ആയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇത്തരത്തിൽ വിവിധ പ്രവൃത്തികളിൽ അധികം തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | 1:2:4 കോൺക്രീറ്റിംഗിന്റെ അളവ്, നല്കിയ നിരക്ക്, പ്രതിഫലം | 1:2:4 കോൺക്രീറ്റിംഗിന് അനുവദനീയമായ അളവ്, നിരക്ക്, പ്രതിഫലം | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | വാട്ടർ അതോറിറ്റി മണത്തറപ്പടി റോഡ് കോൺക്രീറ്റിംഗ്( S0044/16)<br>അടങ്കൽ തുക : 158000<br>കൺവീനർ : അജികുമാർ.കെ.എസ്<br>എം.ബുക്ക് നം. 291/15-16<br>പ്രവൃത്തിമൂല്യംതുക : 149022/-<br>കൺവീനർക്ക് } | 10.43m3<br>@ 7058.78 =<br>73623.07 | 10.43m3<br>@ 6699.76 =<br>69878.49 | 3745 |

| | | | | |
|---|---|---|---|---|
| | നൽകിയ തുക } :146042/-<br>ബിൽ നം./ തീയതി :74/15-16 /29-03-16 | | | |
| 2 | പന്തലോടി മണക്കുപ്പ റോഡ് കോൺക്രീറ്റിംഗ് ( S0154/16)<br>അടങ്കൽ തുക : 100000<br>കൺവീനർ : ഡേവിഡ്<br>എം.ബുക്ക് നം.126/15-16<br>പ്രവൃത്തിമൂല്ല്യതുക :94198/-<br>കൺവീനർക്ക് }<br>നൽകിയ തുക } :92314/-<br>ബിൽ നം./ തീയതി :24/15-16 /15-12-15 | 6.73m3<br>@ 7058.78 =<br>47505.58 | 6.73m3<br>@ 6699.76 =<br>45089.38 | 2416 |
| 3 | തോങ്ങുവരമ്പേൽ പടി ഇടക്കടവ് റോഡ് കോൺക്രീറ്റിംഗ് ( S048/16)<br>അടങ്കൽ തുക :154000<br>കൺവീനർ : ഉല്ലാസ്.ഡി<br>എം.ബുക്ക് നം.188/15-16<br>പ്രവൃത്തിമൂല്ല്യതുക :144735/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 141840/-<br>ബിൽ നം. / തീയതി :36/15-16 /31-12-16 | 10.13m3<br>@ 7058.78 =<br>71505.44 | 10.13m3<br>@ 6699.76 =<br>67868.56 | 3637 |
| 4 | കമ്പോമ്പുഴ കേഴിയത്ത് പടി റോഡ് കോൺക്രീറ്റിംഗ് ( S0066/16)<br>അടങ്കൽ തുക :150000<br>കൺവീനർ : രാധാകൃഷ്ണൻ നായർ<br>എം.ബുക്ക് നം.295/15-16<br>പ്രവൃത്തിമൂല്ല്യതുക :132316/-<br>കൺവീനർക്ക് }<br>നൽകിയ തുക } :129670/-<br>ബിൽ നം. / തീയതി :80/15-16 | 9.02m3<br>@ 7058.78 =<br>63670.19 | 9.02m3<br>@ 6699.76 =<br>60431.83 | 3238 |

| | | | | |
|---|---|---|---|---|
| | /31-03-16 | | | |
| 5 | മാമ്പാറപ്പടി വിളയിൽ പടി റോഡ് കോൺക്രീറ്റിംഗ് ( S0071/16)<br>അടങ്കൽ തുക :125000<br>കൺവീനർ : സ്റ്റാൻലി.പി.ഡാനിയേൽ<br>എം.ബുക്ക് നം. 171/15-16<br>പ്രവൃത്തിമൂല്ല്യതുക :117724/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 115370/-<br>ബിൽ നം. / തീയതി :66/15-16 /29-03-16 | 8.24m3<br>@7058.78 =<br>58164.35 | 8.24m3<br>@ 6699.76 =<br>55206.02 | 2958 |
| 6 | അക്കാളുമുക്ക് സെറ്റിൽമെന്റ് കോളനി റോഡ് കോൺക്രീറ്റിംഗ് ( S0016/16)<br>അടങ്കൽ തുക :141000<br>കൺവീനർ :ബിന്ദുരാജ്<br>എം.ബുക്ക് നം.51/15-16<br>പ്രവൃത്തിമൂല്ല്യതുക :100341/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 98344/-<br>ബിൽ നം. / തീയതി :84/15-16 /31-03-16 | 7.76m3<br>@ 7058.78 =<br>54776.13 | 7.76m3<br>@ 6699.76 =<br>51990.13 | 2786 |
| 7 | പൗവത്ത് പടി മറ്റപ്പള്ളി പടി റോഡ് കോൺക്രീറ്റിംഗ് ( S0073/16)<br>അടങ്കൽ തുക :150000<br>കൺവീനർ : കൃഷ്ണകുമാരി<br>എം.ബുക്ക് നം.190/15-16<br>പ്രവൃത്തിമൂല്ല്യതുക :141484/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 138654/-<br>ബിൽ നം. / തീയതി : 61/15-16 /21-03-16 | 9.9m3<br>@ 7058.78 =<br>69881.92 | 9.9m3<br>@ 6699.76 =<br>66327.62 | 3554 |
| 8 | പണിക്കശ്ശേരി മൂന്ന് മൂർത്തിപ്പടി റോഡ് | 6.312m3<br>@ 7058.78 = | 6.312m3<br>@ 6699.76 = | 2266 |

| | | | | |
|---|---|---|---|---|
| | കോൺക്രീറ്റിംഗ് ( S0049/16)<br>അടങ്കൽ തുക :96000<br>കൺവീനർ : പി.കെ.നാരായണൻ<br>എം.ബുക്ക് നം.292/15-16<br>പ്രവൃത്തിമൂല്ല്യതുക : 90283/-<br>കൺവീനർക്ക് }<br>നൽകിയ തുക } :88477/-<br>ബിൽ നം. / തീയതി : 73/29-03-16 | 44555.02 | 42288.88 | |
| 9 | അംബേദ്ക്കർ കോളനി റോഡ് കോൺക്രീറ്റിംഗ് ( S0019/16)<br>അടങ്കൽ തുക :141000<br>കൺവീനർ : വി.എസ്.മോഹനൻ<br>എം.ബുക്ക് നം.333/15-16<br>പ്രവൃത്തിമൂല്ല്യതുക :105975<br>കൺവീനർക്ക് }<br>നൽകിയ തുക } :103855/-<br>ബിൽ നം. / തീയതി :50/15-16 /25-02-16 | 6.05m3<br>@ 7058.78 =<br>42705.62 | 6.05m3<br>@ 6699.76 =<br>40553.54 | 2172 |
| 10 | നാക്കോലക്കൽ പടി പാലക്കൽ റോഡ് കോൺക്രീറ്റിംഗ് ( S0070/16)<br>അടങ്കൽ തുക :125000<br>കൺവീനർ : ജോൺ ജോസ്<br>എം.ബുക്ക് നം.181/15-16<br>പ്രവൃത്തിമൂല്ല്യതുക : 117621/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 115269/-<br>ബിൽ നം. / തീയതി :40/15-16 /30-01-16 | 8.23m3<br>@ 7058.78 =<br>58093.75 | 8.23m3<br>@ 6699.76 =<br>55139.02 | 2955 |
| 11 | കാക്കമുക്ക് മലയിൽ പടി റോഡ് കോൺക്രീറ്റിംഗ് ( S0065/16)<br>അടങ്കൽ തുക :100000<br>കൺവീനർ : സിന്ദു.എം.വി | 6.53m3<br>@ 7058.78 =<br>46093.83 | 6.53m3<br>@ 6699.76 =<br>43749.43 | 2344 |

| | | | | |
|---|---|---|---|---|
| | എം.ബുക്ക് നം.335/15-16<br>പ്രവൃത്തിമൂല്ല്യതുക :94124/-<br>കൺവീനർക്ക് }<br>നൽകിയ തുക } :92242/-<br>ബിൽ നം. / തീയതി :82/15-16 /31-03-16 | | | |
| 12 | മൂശാരേത്ത് പി.എച്ച്.സി റോഡ് കോൺക്രീറ്റിംഗ് ( S0043/16)<br>അടങ്കൽ തുക :92000<br>കൺവീനർ : അജികുമാർ<br>എം.ബുക്ക് നം. 187/15-16<br>പ്രവൃത്തിമൂല്ല്യതുക : 86397/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 84669/-<br>ബിൽ നം./ തീയതി :35/15-16 /31-12-15 | 5.85m3<br>@ 7058.78 =<br>41293.86 | 5.85m3<br>@ 6699.76 =<br>39193.59 | 2100 |
| 13 | മഠത്തിൽപടി നെല്ലിക്കാട്ടിൽ മുരുപ്പേൽ പടി റോഡ് കോൺക്രീറ്റിംഗ് ( S0087/16)<br>അടങ്കൽ തുക :30000<br>കൺവീനർ : ജോർജ്ജ് തോമസ്സ്<br>എം.ബുക്ക് നം. 329/15-16<br>പ്രവൃത്തിമൂല്ല്യതുക :26643/-<br>കൺവീനർക്ക് }<br>നൽകിയ തുക } :26110/-<br>ബിൽ നം. / തീയതി :70/15-16 /29-03-16 | 1.864m3<br>@ 7058.78 =<br>13157.56 | 1.864m3<br>@ 6699.76 =<br>12488.35 | 669 |
| 14 | കുഴിപ്പറമ്പിൽ പടി നെല്ലിപ്പള്ളിൽ പടി റോഡ് കോൺക്രീറ്റിംഗ് ( S0072/16)<br>അടങ്കൽ തുക :100000<br>കൺവീനർ : സുമംഗലാദേവി<br>എം.ബുക്ക് നം.189/15-16<br>പ്രവൃത്തിമൂല്ല്യതുക : 94198/- | 6.59m3<br>@ 7058.78 =<br>46517.36 | 6.59m3<br>@ 6699.76 =<br>44151.41 | 2366 |

| | | | | |
|---|---|---|---|---|
| | കൺവീനർക്ക് }<br>നൽകിയ തുക } : 92314/-<br>ബിൽ നം. / തീയതി :62/29-03-16 | | | |
| 15 | ഉണ്ടുതറ കോളനി സൈഡ് റോഡ് കോൺക്രീറ്റിംഗ് ( S0017/16)<br>അടങ്കൽ തുക :115000<br>കൺവീനർ : വിദ്യാധരൻ<br>എം.ബുക്ക് നം.173/15-16<br>പ്രവൃത്തിമൂല്ല്യതുക :127254/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 124709/-<br>ബിൽ നം. / തീയതി :79/15-16 /29-03-16 | 7.106m3<br>@ 7058.78 =<br>50159.69 | 7.106m3<br>@ 6699.76 =<br>47608.49 | 2551 |
| 16 | അംഗനവാടി മലമ്പുറത്ത് കോളനി റോഡ് കോൺക്രീറ്റിംഗ് ( S0061/16)<br>അടങ്കൽ തുക :150000<br>കൺവീനർ : ജോർജ്ജ്കുട്ടി<br>എം.ബുക്ക് നം. 169/15-16<br>പ്രവൃത്തിമൂല്ല്യതുക :141484/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 138654/-<br>ബിൽ നം. / തീയതി :65/15-16 /29-03-16 | 10.143m3<br>@ 7058.78 =<br>71589.29 | 10.143m3<br>@ 6699.76 =<br>67955.66 | 3634 |
| 17 | മലയാറ്റൂർ കിഴക്കേതിൽപ്പടി റോഡ് കോൺക്രീറ്റിംഗ് ( S0163/16)<br>അടങ്കൽ തുക :100000<br>കൺവീനർ : രാമചന്ദ്രക്കുറുപ്പ്<br>എം.ബുക്ക് നം. 115/15-16<br>പ്രവൃത്തിമൂല്ല്യതുക : 94090/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 92208/- | 6.53m3<br>@ 7058.78 =<br>46093.83 | 6.53m3<br>@ 6699.76 =<br>43749.43 | 2344 |

| | | | | |
|---|---|---|---|---|
| | ബിൽ നം. / തീയതി :16/15-16 /29-09-15 | | | |
| 18 | താഴേതിൽ കോളനി റോഡ് കോൺക്രീറ്റിംഗ് ( S0041/16)<br>അടങ്കൽ തുക :141000<br>കൺവീനർ :അനീഷ് കുമാർ<br>എം.ബുക്ക് നം. 334/15-16<br>പ്രവൃത്തിമൂല്ല്യതുക : 132803/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 130147/-<br>ബിൽ നം. / തീയതി :72/15-16 /29-03-16 | 2.25m3 @ 7058.78 = 15882.25 | 2.25m3 @ 6699.76 = 15074.46 | 808 |
| 19 | ചുമലേത്ത് വിശ്വദർശനം റോഡ് കോൺക്രീറ്റിംഗ് ( S0161/16)<br>അടങ്കൽ തുക :70000<br>കൺവീനർ : ജയന്തി<br>എം.ബുക്ക് നം.111/15-16<br>പ്രവൃത്തിമൂല്ല്യതുക : 65293/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 63987/-<br>ബിൽ നം. / തീയതി :17/15-16 /29-09-15 | 4.5m3 @ 7058.78 = 31764.51 | 4.5m3 @ 6699.76 = 30148.92 | 1616 |
| 20 | കുഴിവിളപ്പടി കിടങ്ങേത്ത് പടി റോഡ് കോൺക്രീറ്റിംഗ് ( S0152/16)<br>അടങ്കൽ തുക :50000<br>കൺവീനർ : ലീലാമ്മ ശാമുവേൽ<br>എം.ബുക്ക് നം.129/15-16<br>പ്രവൃത്തിമൂല്ല്യതുക :42188/-<br>കൺവീനർക്ക് }<br>നൽകിയ തുക } :41344/-<br>ബിൽ നം. / തീയതി : 23/15-16 /30-09-15 | 2.952m3 @ 7058.78 = 20837.51 | 2.952m3 @ 6699.76 = 19777.69 | 1060 |
| 21 | അഗാപ്പേ ആശാരിമുരുപ്പ് റോഡ് കോൺക്രീറ്റിംഗ് ( S0155/16)<br>അടങ്കൽ തുക | 6.59m3 @ 7058.78 = 46517.36 | 6.59m3 @ 6699.76 = 44151.41 | 2366 |

| | | | | |
|---|---|---|---|---|
| | :100000<br>കൺവീനർ : ചന്ദ്രശേഖരൻ<br>എം.ബുക്ക് നം. 131/15-16<br>പ്രവൃത്തിമൂല്ല്യതുക : 94198/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 92314/-<br>ബിൽ നം. / തീയതി : 15/15-16 /29-09-15 | | | |
| 22 | മാമ്പാറ ചാവരുകുഴി റോഡ് കോൺക്രീറ്റിംഗ് ( S0020/16)<br>അടങ്കൽ തുക :141000<br>കൺവീനർ : കുഞ്ഞ്മോൾ<br>എം.ബുക്ക് നം. 124/15-16<br>പ്രവൃത്തിമൂല്ല്യതുക : 132798/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 130142/-<br>ബിൽ നം. / തീയതി : 26/15-16 /21-02-16 | 9.292m3<br>@ 7058.78 =<br>65590.18 | 9.292m3<br>@ 6699.76 =<br>62254.16 | 3336 |
| 23 | കരിക്കിനേത്ത് പടി താളാട്ട് ശേരി കോളനി റോഡ് കോൺക്രീറ്റിംഗ് ( S0162/16)<br>അടങ്കൽ തുക :30000<br>കൺവീനർ : രാജേശ്വരി<br>എം.ബുക്ക് നം.110/15-16<br>പ്രവൃത്തിമൂല്ല്യതുക : 28297/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 27731/<br>ബിൽ നം. / തീയതി :14/15-16 /29-09-15 | 1.98m3<br>@ 7058.78 =<br>13976.38 | 1.98m3<br>@ 6699.76 =<br>13265.52 | 711 |
| 24 | പുളിക്കത്തറപ്പടി പുളിമൂട്ടിൽ പടി റോഡ് കോൺക്രീറ്റിംഗ് ( S0039/16)<br>അടങ്കൽ തുക : 189500<br>കൺവീനർ : ശ്രീദേവി<br>എം.ബുക്ക് നം : 122/15-16 | 12.49m3<br>@ 7058.78 =<br>88164.16 | 12.49m3<br>@ 6699.76 =<br>83680 | 4484 |

| | | | | |
|---|---|---|---|---|
| | പ്രവൃത്തിമൂല്ല്യതുക :178480/-<br>കൺവീനർക്ക് }<br>നൽകിയ തുക }: 174910/-<br>ബിൽ നം. / തീയതി :29/15-16 /15-12-15<br>168500/-<br>ബിൽ നം. / തീയതി :34/15-16 /31-12-15<br>6410/- | | | |
| 25 | പോലീസ് സ്റ്റേഷൻ പടി ശ്മശാനം റോഡ് കോൺക്രീറ്റിംഗ് ( S0148/16)<br>അടങ്കൽ തുക :100000<br>കൺവീനർ : സുനി.കെ.എസ്<br>എം.ബുക്ക് നം. 114/15-16<br>പ്രവൃത്തിമൂല്ല്യതുക :94198/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 92314/-<br>ബിൽ നം. / തീയതി : 27/15-16 /17-12-15 | 6.59m3 @ 7058.78 = 46517.36 | 6.59m3 @ 6699.76 = 44151.41 | 2366 |
| 26 | മുകളുവിളപ്പടി നെടിയവിളപ്പടി റോഡ് കോൺക്രീറ്റിംഗ് ( S0153/16)<br>അടങ്കൽ തുക :50000<br>കൺവീനർ : സന്തോഷ് കുമാർ<br>എം.ബുക്ക് നം. 130/15-16<br>പ്രവൃത്തിമൂല്ല്യതുക :46985/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 46045/-<br>ബിൽ നം. / തീയതി : 22/15-16 /30-09-15 | 3.29m3 @ 7058.78 = 23223.38 | 3.29m3 @ 6699.76 = 22042.21 | 1181 |
| 27 | ആനമുടിയത്ത് കുറ്റിപ്പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ് ( S0089/16)<br>അടങ്കൽ തുക :100000<br>കൺവീനർ : സോജി ബാബുജി | 6.59m3 @ 7058.78 = 46517.36 | 6.59m3 @ 6699.76 = 44151.41 | 2366 |

| | | | | |
|---|---|---|---|---|
| | എം.ബുക്ക് നം. 75/15-16<br>പ്രവൃത്തിമൂല്ല്യതുക : 94198/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 93256/-<br>ബിൽ നം. / തീയതി : 01/15-16 /31-07-15 | | | |
| 28 | കല്ലുതുണ്ടിൽ പടി IHDP കോളനി അഞ്ച് തെങ്ങ് റോഡ് കോൺക്രീറ്റിംഗ് ( S0159/16)<br>അടങ്കൽ തുക :100000<br>കൺവീനർ : തോമസ്സ്<br>എം.ബുക്ക് നം.127/15-16<br>പ്രവൃത്തിമൂല്ല്യതുക : 94040/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 92159/-<br>ബിൽ നം. / തീയതി :25/15-16 /30-09-15 | 6.53m3 @ 7058.78 = 46093.83 | 6.53m3 @ 6699.76 = 43749.43 | 2344 |
| 29 | മുരുപ്പേൽ പടി കുഴിപ്പറമ്പിൽ പടി റോഡ് കോൺക്രീറ്റിംഗ് ( S0063/16)<br>അടങ്കൽ തുക :125000<br>കൺവീനർ : പി.എം.രാജൻ<br>എം.ബുക്ക് നം. 123/15-16<br>പ്രവൃത്തിമൂല്ല്യതുക : 117724/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 115370/-<br>ബിൽ നം. / തീയതി :32/15-16 /31-12-15 | 8.24m3 @7058.78 = 58164.35 | 8.24m3 @ 6699.76 = 55206.02 | 2958 |
| 30 | കൈപ്പട്ടൂർ ജംഗ്ഷൻ സെന്റ് ഗ്രിഗോറിയസ് പടി റോഡ് കോൺക്രീറ്റിംഗ് ( S0082/16)<br>അടങ്കൽ തുക :98000<br>കൺവീനർ : എ.റ്റി.ബാബു<br>എം.ബുക്ക് നം. 118/15-16<br>പ്രവൃത്തിമൂല്ല്യതുക : | 6.1649m3 @ 7058.78 = 43516.67 | 6.1649m3 @ 6699.76 = 41303.35 | 2213 |

| | | | | |
|---|---|---|---|---|
| | 88105/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 86343/-<br>ബിൽ നം. / തീയതി :11/15-16 /29-09-15 | | | |
| 31 | നെടുമ്പാങ്കുഴി കല്ലു വിള റോഡ് കോൺക്രീറ്റിംഗ് ( S0075/16)<br>അടങ്കൽ തുക : 156755<br>കൺവീനർ : ആർ.വി.രാജൻ<br>എം.ബുക്ക് നം. 125/15-16<br>പ്രവൃത്തിമൂല്ല്യതുക : 147611/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 144659/-<br>ബിൽ നം. / തീയതി : 33/15-16 /31-12-15 | 10.33m3 @ 7058.78 = 72917.19 | 10.33m3 @ 6699.76 = 69208.52 | 3709 |
| 32 | മൂന്നാം കല്ലങ്ക് കുഴിയയ്യത്ത് പടി റോഡ് കോൺക്രീറ്റിംഗ് ( S0074/16)<br>അടങ്കൽ തുക :86000<br>കൺവീനർ : മിനി<br>എം.ബുക്ക് നം. 112/15-16<br>പ്രവൃത്തിമൂല്ല്യതുക : 80424/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 78816/-<br>ബിൽ നം. / തീയതി :18/15-16 /29-09-15 | 5.63m3 @ 7058.78 = 39740.93 | 5.63m3 @ 6699.76 = 37719.64 | 2021 |
| 33 | ഭുവനേശ്വരം പമ്പ്കുഴി റോഡ് കോൺക്രീറ്റിംഗ് ( S0146/16)<br>അടങ്കൽ തുക :100000<br>കൺവീനർ : സോമരാജൻ<br>എം.ബുക്ക് നം. 186/15-16<br>പ്രവൃത്തിമൂല്ല്യതുക : 93886/-<br>കൺവീനർക്ക് }<br>നൽകിയ തുക } : 92008/-<br>ബിൽ നം. / തീയതി | 6.41m3 @ 7058.78 = 45246.78 | 6.41m3 @ 6699.76 = 42945.46 | 2301 |

| | | | | |
|---|---|---|---|---|
| | :37/15-16<br>/31-12-15 | | | |
